**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2551** **13-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ബീവറേജസ് ഔട്ട്ലെറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ബീവറേജസ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 317 ബിവറേജ് ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ബി) | പുതിയ മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 250 പുതിയ ബീവറേജസ് ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും എത്രയെണ്ണം വീതം ആരംഭിക്കുവാൻ ആണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് 306 ബിവറേജസ് ഔട്ട് ലെറ്റുകൾ നിലവിലുണ്ടായിരുന്നു. ആയതിനോടൊപ്പം മുൻകാലങ്ങളിൽ അടച്ചു പൂട്ടിയ 78 എണ്ണം ഔട്ട് ലെറ്റുകൾ തുറക്കുന്നതിനുള്ള അനുമതി 07.10.2022 -ലെ ജി.ഒ.(പി)നം.128 /2022/നികുതി ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. വിദേശമദ്യ ഷാപ്പുകളിലെ തിരക്ക് കുറക്കുന്നതുമായി ബന്ധപ്പെട്ട് വാക്ക് ഇൻ സംവിധാനം നടപ്പിലാക്കുന്നതിന് 2022-23 വർഷത്തെ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ 17.05.2022 -ലെ ജി.ഒ.(ആർ.ടി)നം.390 / 2022 / നികുതി ഉത്തരവ് പ്രകാരം 175 ബിവറേജസ് ഔട്ട് ലെറ്റുകൾക്ക് കൂടി അനുമതി നല്കിയിട്ടുള്ളതാണ്. ഇവയുടെ പ്രവർത്തനം നാളിതുവരെയും ആരംഭിച്ചിട്ടില്ല. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം(2) ആയി ചേർത്തിരിക്കുന്നു. |
| (സി) | സംസ്ഥാനത്തെ നിലവിലുള്ള ബീവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണം ഇപ്രകാരം വർദ്ധിപ്പിക്കുകയാണെങ്കിൽ മദ്യത്തിന്റെ ലഭ്യത കുറച്ചു കൊണ്ടുവരുമെന്ന പ്രകടനപത്രികയിലെ വാദ്ഗാനം എപ്രകാരം നടപ്പിലാക്കാൻ സാധിക്കുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | മദ്യത്തിന്റെ ഉപഭോഗം സമൂഹത്തിൽ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടിയല്ല പുതിയ ബിവറേജസ് ഔട്ട് ലെറ്റുകൾക്ക് അനുമതി നൽകിയിട്ടുള്ളത്. നിലവിലുള്ള വിദേശ മദ്യ ശാലകളിലെ തിരക്ക് കുറക്കുന്നതുമായി ബന്ധപ്പെട്ട് വാക്ക് ഇൻ സംവിധാനം നടപ്പിലാക്കുന്നതിനും ബിവറേജസ് ഔട്ട് ലെറ്റുകൾക്ക് മുൻപിലുള്ള ഉപഭോക്താക്കളുടെ ക്രമാതീതമായ തിരക്കും വാഹന പാർക്കിങ്ങും കുറക്കുന്നതിനുമായാണ് പുതിയ ഔട്ട്ലെറ്റുകൾക്ക് അനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

| ക്രമ നമ്പർ | ജില്ല | FL 1 ഷോപ്പുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 40 |
| 2 | കൊല്ലം | 34 |
| 3 | പത്തനംതിട്ട | 16 |
| 4 | ആലപ്പുഴ | 22 |
| 5 | കോട്ടയം | 28 |
| 6 | ഇടുക്കി | 23 |
| 7 | എറണാകുളം | 45 |
| 8 | തൃശ്ശൂർ | 27 |
| 9 | പാലക്കാട് | 25 |
| 10 | മലപ്പുറം | 10 |
| 11 | കോഴിക്കോട് | 16 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 16 |
| 14 | കാസർഗോഡ് | 8 |
| | **ആകെ** | 317 |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 2**

| ക്രമ നമ്പർ | ജില്ല | Fl 1 ഷോപ്പുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 22 |
| 2 | കൊല്ലം | 18 |
| 3 | പത്തനംതിട്ട | 6 |
| 4 | ആലപ്പുഴ | 21 |
| 5 | കോട്ടയം | 9 |
| 6 | ഇടുക്കി | 6 |
| 7 | എറണാകുളം | 11 |
| 8 | തൃശ്ശൂർ | 23 |
| 9 | പാലക്കാട് | 14 |
| 10 | മലപ്പുറം | 12 |
| 11 | കോഴിക്കോട് | 12 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 12 |
| 14 | കാസർഗോഡ് | 5 |
| | **ആകെ** | 175 |

സെക്ഷൻ ഓഫീസർ